ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചുകഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവദാതാവിനുള്ള ചികിത്സയ്ക്കായി ഒരു ലക്ഷം രൂപകൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. കൂടുതൽ തുടർ ചികിത്സാ സഹായം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ

187 (2425) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ രോഗിയും കുടുംബാംഗങ്ങളും വീടിന്റെ മേൽക്കൂര കാണത്തക്ക വിധമുള്ള ഫോട്ടോ സമർപ്പിക്കേണ്ടതുണ്ടോ ;

(ബി) പലപ്പോഴും രോഗി അടിയന്തരമായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുമ്പോൾ ഇപ്രകാരം ഫോട്ടോ ഇല്ലാത്തവർ അപേക്ഷ നൽകാൻ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗിയും കുടുംബാംഗങ്ങളും വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ സമർപ്പിക്കുന്നത് വരുമാനം തെളിയിക്കുന്നതിനോ മറ്റ് കാര്യങ്ങൾക്കോ പര്യാപ്തമല്ല എന്നതിനാൽ അപേക്ഷയുടെ കൂടെ കുടുംബഫോട്ടോ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സമർപ്പിക്കേണ്ടതുണ്ട്.

(ബി) ഉണ്ട്. എന്നാൽ രോഗി അപേക്ഷ നൽകുമ്പോൾ വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ നൽകാൻ സാധിക്കാതെ വരുന്ന അവസരങ്ങളിൽ ബന്ധുക്കൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായം നൽകി വരുന്നു. ഇത്തരം കേസുകളിൽ കഴിയുന്നത്ര വേഗം ഇത്തരത്തിലുള്ള ഫോട്ടോ നൽകണമെന്ന് ആവശ്യപ്പെടാറുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly